I. ഇ.ബി. XII-കേരള നിയമസഭ/XIV-9

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 11, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) ഔഷധ നയം

ശ്രീ. കെ. സി. ജോസഫ് : ജീവൻരക്ഷ മരുന്നുകൾക്കും മാരക രോഗങ്ങൾക്കുള്ള മരുന്നുകൾക്കും പതിന്മടങ്ങ് വിലയാണ് ഈടാക്കുന്നത്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകൾക്കുപോലും മരുന്നു കമ്പനികൾ അഞ്ച് ഇരട്ടിയിലേറെ വില നിശ്ചയിക്കുകയാണ്. മാരക രോഗികൾക്ക് മുഖ്യമന്ത്രിയുടെ സഹായനിധിയിൽ നിന്ന് നൽകുന്ന തുക ഒരു ദിവസത്തെ മരുന്നിനുപോലും തികയാത്ത സ്ഥിതിയാണ്. പല ഡോക്ടർമാരും ബ്രാന്റഡ് കമ്പനികളുടെ മരുന്നുകൾ മാത്രമേ നിർദ്ദേശിക്കാറുള്ളൂ. ഡോക്ടർമാരും മരുന്നു കമ്പനികളും വില്പനക്കാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ജീവൻരക്ഷാ മരുന്നു വിപണിയിൽ നടക്കുന്ന ഗുരുതരമായ കൊള്ള തടയാൻ ഗവൺമെന്റ് ഇടപെടണം. സർക്കാരിന് പരിമിതികളുണ്ടെങ്കിലും മരുന്നു കമ്പനികളുമായി ചർച്ച നടത്തി സെല്ലിംഗ് പ്രൈസ് ഫിക്സ് ചെയ്യാനും വിലവിവരപ്പട്ടിക പ്രസിദ്ധീകരിക്കാനുമുള്ള നടപടിയുണ്ടാകണം. എല്ലാ ജില്ല കളിലും റീട്ടെയിൽ ആന്റ് ഹോൾസെയിൽ മരുന്നു വില്പന കേന്ദ്രങ്ങൾ ആരംഭിക്കാൻ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനും സഹകരണ വകുപ്പും മുൻകയ്യെടുക്കണം. മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും സമഗ്ര ഔഷധനയം പ്രഖ്യാപിക്കുകയും വേണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഔഷധങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി വിൽക്കുന്ന മരുന്നുകളുടെ വില ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ ആയിരക്കണക്കിനുവരുന്ന ക്യാൻസർ രോഗികൾക്ക് ബി.പി.എൽ.കാർഡ് കാണിച്ചാൽ ചെറിയൊരു സൗജന്യം കൊടുക്കുന്നുണ്ട്. ബി.പി.എൽ. പട്ടികയിൽ വരാത്ത കുടുംബങ്ങളിലെ 18 വയസുവരെയുള്ള കുട്ടികൾക്ക് മെഡിക്കൽ കോളജ് ആശുപത്രികളിലും ശ്രീചിത്ര, ആർ.സി.സി., സഹകരണ ആശുപത്രികളിലും സർജറി ഉൾപ്പെടെയുള്ള ചെലവുകൾക്ക് ഒരു ലക്ഷം രൂപ വരെ കൊടുക്കാൻ ഫണ്ട് നീക്കിവച്ചിട്ടുണ്ട്. വിലനിയന്ത്രണ പട്ടികയിൽ അഞ്ഞൂറോളം മരുന്നുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 74 ഇനം മരുന്നുകളേയുള്ളൂ. മുഖ്യമന്ത്രിയുമായി ആലോചിച്ചതിനുശേഷം മരുന്നുക ളുടെ വില നിയന്ത്രിക്കുന്നതിനെക്കുറിച്ച് മരുന്നു കമ്പനികളുമായി ചർച്ച

നടത്താം. ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിൽക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. ജീവൻരക്ഷാ ഔഷധങ്ങളുടെ വിലകുറയ്ക്കാൻ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്രഗവൺമെന്റിന് അയയ്ക്കുന്നത് ഉചിതമായിരിക്കും.

(2) ഇടുക്കി ജില്ലയിലെ ഭൂമിപ്രശ്നങ്ങൾ

ശ്രീമതി ഇ.എസ്.ബിജിമോൾ : ഇടുക്കി ജില്ലയിലെ മലയോര കർഷകർക്കും പദ്ധതി പ്രദേശങ്ങളിൽ പതിറ്റാണ്ടുകളായി താമസിക്കുന്നവർക്കും പട്ടയം നൽകണം. ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്കും കർഷക തൊഴിലാളികൾക്കും പട്ടികജാതി-പട്ടിക വർഗ്ഗവിഭാഗക്കാർക്കും ഭൂമിയും വീടും നൽകണം. കുടികിട, നിജസ്ഥിതി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പീരുമേട് താലൂക്കിലെ വാഗമൺ, ഏലപ്പാറ വില്ലേജുകളിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് പോക്കുവരവ് ചെയ്യാനോ, കരമടയ്ക്കാനോ, ഭൂമി കൈമാറ്റം നടത്താനോ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകണം. സർവ്വേ നമ്പരുകളിലും സ്ഥലങ്ങളിലും വന്ന തെറ്റുകൾ തിരുത്താനും ഏലത്തോട്ടങ്ങളുടെ പാട്ടത്തുക പുതുക്കി നിശ്ചയിക്കുന്നതിനും യഥാസമയം പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) 1.1.1977 -നുമുമ്പ് ഭൂമി കയ്യേറിയവർക്കും ഉപേക്ഷിച്ച പദ്ധതി പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും പട്ടയം നൽകുക, പോക്കുവരവ് ചെയ്യുക, നിജസ്ഥിതി പൊസഷൻ സർട്ടിഫിക്കറ്റുകൾ നൽകുക തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏലം തോട്ടങ്ങളിലെ പാട്ടം പുതുക്കുന്നതുമായി ബന്ധപ്പെട്ട്

സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുകയാണെങ്കിലും കർഷകരിൽ നിന്ന് പ്രീമിയവും ടാക്സും പിരിച്ചു തുടങ്ങിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ നാളെ നടക്കുന്ന കർഷക സംഗമത്തിൽ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി പ്രശ്നപരിഹാരത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സബ്മിഷൻ**

(1) സൂര്യാഘാതം

ശ്രീ. എം. ഹംസ: താപനില ഉയർന്നതിനെത്തുടർന്ന് പാലക്കാട് ജില്ല യിലെ പത്തിരിപാലയിൽ ഏഴു പേർക്ക് സൂര്യാഘാതത്തിൽ പരിക്കേറ്റിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയും പാലക്കാട് ജില്ലയിൽ പ്രത്യേകിച്ചും വെള്ളത്തിനും, വൈദ്യുതിക്കും ദൗർലഭ്യം അനുഭവപ്പെടുകയും സൂര്യാഘാത മേറ്റ് ആളുകൾ മരിക്കുകയും പൊള്ളലേൽക്കുകയും മൃഗങ്ങൾ ചത്തൊടു ങ്ങുകയും ചെയ്യുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : പാലക്കാട് ജില്ലയിൽ മണ്ണൂർ, മങ്കര, പത്തിരിപ്പാല എന്നീ പ്രദേശങ്ങളിലായി കഴിഞ്ഞ ദിവസങ്ങളിൽ ആറ് പേർക്ക് സൂര്യാഘാതമേറ്റതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടയുടൻ ജില്ലാ കളക്ടറുമായി ബന്ധപ്പെടുകയും ആവശ്യമായ നടപടികൾ കൈക്കൊ ള്ളണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റവന്യൂ-ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ജില്ലാ കളക്ടർ സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി. ഈ സ്ഥലങ്ങളിൽ കഴിഞ്ഞ ദിവസങ്ങളിൽ 40 മുതൽ 42 ഡിഗ്രി വരെയുള്ള ചൂടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സൂര്യാഘാതം ഏറ്റവർക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ പ്രാഥമിക ചികിത്സ നൽകിയിട്ടുണ്ട്. സൂര്യാഘാതം സംബന്ധിച്ച് ആവശ്യ

മായ ബോധവൽക്കരണവും പ്രചരണവും നടത്താനും  കാർഷിക വൃത്തി യിലും നിർമ്മാണ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരുടെ ജോലി സമയം ആവശ്യമെങ്കിൽ ക്രമീകരിക്കുന്നതിനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽനിന്നുള്ള ശാസ്ത്രജ്ഞൻമാരുടെ സംഘം അടിയന്തിരമായി പാലക്കാട്ടെത്തി സ്ഥിതിഗതികൾ വിലയിരുത്തി മേൽനടപടികൾ  സംബന്ധിച്ച് ഗവൺമെന്റിന് നിർദ്ദേശം നൽകുന്നതാണ്.

(2) ശമ്പളക്കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സൗജന്യ ചികിത്സ, 20 വർഷം സർവ്വീസ് പൂർത്തിയായവർക്ക് പൂർണ്ണ പെൻഷൻ, മുതിർന്നവർക്ക് 30 ശതമാനം മുതൽ 100 ശതമാനം വരെ അധിക പെൻഷൻ തുടങ്ങിയവ ലഭിക്കു ന്നതിനുള്ള നിർദ്ദേശങ്ങൾ കൂടി 9-ാം ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റഫ റൻസിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർവ്വീസ് പെൻഷനേഴ്സ് ഇന്ന് (11-03-2010) സെക്രട്ടേറിയറ്റ് പടിക്കൽ സത്യാഗ്രഹം നടത്തുകയാണ്. അവരുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ജസ്റ്റീസ് ആർ. രാജേന്ദ്ര ബാബു അദ്ധ്യക്ഷനായുള്ള 9-ാം ശമ്പള പരിഷ്ക്കരണ കമ്മിഷന്റെ ടേംസ് ഓഫ് റഫറൻസിൽ ജീവനക്കാരുടെ നിലവിലുള്ള ശമ്പളവും, മറ്റാനുകൂല്യങ്ങളേയുംകുറിച്ച് പഠിക്കുക, സർവ്വീസ് പെൻഷനേഴ്സിന് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പഠിച്ച് ആവശ്യമെങ്കിൽ ഭേദഗതികൾ നിർദ്ദേശിക്കുക, 8-ാം ശമ്പള പരിഷ്ക്കരണത്തിലുണ്ടായിട്ടുള്ള അനോമലികൾ പഠിച്ച് ആവശ്യമായ പരിഹാരങ്ങൾ നിർദ്ദേശിക്കുക തുടങ്ങി

ഒട്ടേറെ വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേന്ദ്ര ശമ്പള പരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിലല്ല സംസ്ഥാന ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നത്. കേന്ദ്ര ജീവനക്കാർക്ക് പത്ത് വർഷത്തിലൊരിക്കൽ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ സംസ്ഥാന ജീവനക്കാർക്ക് 1973 മുതൽ അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നുണ്ട്. 9-ാം ശമ്പളക്കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ മാറ്റം വരുത്തേണ്ട ആവശ്യമുള്ളതായി കരുതുന്നില്ല.

### (3) വികസന പ്രവർത്തനങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം

ശ്രീ. വി. ശിവൻകുട്ടി: വിഷൻ 2010 പ്രകാരം തിരുവനന്തപുരം ജില്ലയിൽ അനുമതി ലഭിച്ച നിർമ്മാണപ്രവർത്തനങ്ങൾ ഭൂമി ഏറ്റെടുക്കുന്നതിലെ കാല താമസം കാരണം പൂർത്തിയാക്കാൻ കഴിയുന്നില്ല. സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് അനുവാദം നൽകിയാൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് സർവ്വേ നടപടികൾ പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കാൻ കഴിയും.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഫാസ്റ്റ് ട്രാക്കി ലുൾപ്പെടുത്തി ഏതാണ്ട് ഇരുപതോളം പ്രോജക്ടുകൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടിയായിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് യഥാസമയം ഭൂമി ഏറ്റെടുക്കാൻ നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും നയപരമായ തീരുമാനങ്ങളെടുക്കുന്നതിനെക്കുറിച്ചും ആലോചിക്കുകയാണ്. സർവ്വേ ഡിപ്പാർട്ടുമെന്റ് 'ഭൂമി കേരളം', 'കേരള ലാൻഡ് ഇൻഫർമേഷൻ

മിഷൻ' എന്നീ പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് ഇപ്പോൾ സർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വികസനത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസമുൾപ്പെടെയുള്ള കാര്യങ്ങളിൽ പാക്കേജുകൾ നടപ്പിലാക്കുന്ന കാര്യത്തിൽ ജനങ്ങളുടെ സഹകരണം ആവശ്യമാണ്. സ്വകാര്യവൽക്കരണത്തിനും ഡിപ്പാർട്ട്മെന്റ് മാറ്റത്തിനും ആക്ടിലും ചട്ടത്തിലും ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതായിട്ടുണ്ട്. സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ച് സർവ്വേ നടത്തുന്നതിനോട് ഗവൺമെന്റ് യോജിക്കുന്നില്ല.

(4) ഭരണാനുമതി ലഭിച്ച കുഴൽക്കിണറുകൾ

ശ്രീ. സി. കെ. പി. പത്മനാഭൻ: തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായ നാൽപ്പതിലേറെ കുഴൽക്കിണറുകളുടെ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ 40 കുഴൽക്കിണറുകൾ കുഴിക്കാൻ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് മാത്രമായി സാധിക്കാത്തതുകൊണ്ട് സ്വകാര്യ കമ്പനികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചെങ്കിലും കരാർ ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. പുതിയ റിഗുകളും റോട്ടറി-കം-ഡി.റ്റി.എച്ച്. മെഷീനുകളും വാങ്ങാനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. മെഷിനറികൾ ലഭ്യമാകുന്ന മുറയ്ക്ക് തളിപ്പറമ്പ് മണ്ഡലത്തിലെ കുഴൽ കിണറുകൾ കുഴിക്കുന്നതാണ്. പ്രസ്തുത വിഷയത്തിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ സംബന്ധിച്ച് അന്വേഷണം നടത്തുന്നതാണ്.

(5) <u>ടൈഗർ സെൻസസിലെ അപാകത</u>

<u>ശ്രീ. വി.ഡി. സതീശൻ</u>: എറണാകുളം, ഇടുക്കി ജില്ലകളിൽ നടന്ന ടൈഗർ സെൻസസ്സിൽ വനം കയ്യേറ്റക്കാർ തിരിമറി നടത്തിയതായി ആരോപണം ഉയർന്നിട്ടുണ്ട്. കടുവയുടെ സാന്നിദ്ധ്യം ഉണ്ടെന്നുള്ളതിന് ശാസ്ത്രീയമായ തെളിവ് ലഭിച്ചിട്ടും അത് മറച്ചുവച്ചുകൊണ്ടുള്ള റിപ്പോർട്ട് കൊടുത്തതുകൊണ്ടാണ് ആ പ്രദേശത്തെ സംരക്ഷിത മേഖലയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. ഇക്കാര്യം ഗൗരവമായി പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം)</u>: കേരളത്തിലെ വനമേഖലയെ അറുനൂറ്റിപ്പതിനേഴ് സെൻസസ്സ് ബ്ലോക്കുക ളായി തിരിച്ച് Wild Life Institute of India-യുടെ ഗൈഡ്ലൈൻസ് അനുസ രിച്ചാണ് കടുവ സെൻസസ് നടത്തുന്നത്. രണ്ടുംമൂന്നും ഘട്ടങ്ങളായി തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ Wild Life Institute of India-യിലെ വിദഗ്ദ്ധർകൂടി ചേർന്ന് ഉപഗ്രഹചിത്രങ്ങളുടേയും ക്യാമറടോക്കി മുഖേനയും നടത്തുന്ന വിപുലമായ സർവ്വേകൂടി പൂർത്തിയായിട്ടുമാത്രമേ കേരളത്തിലെ കടുവകളുടെ അന്തിമമായ കണക്കെടുപ്പ് പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ഓരോ സെൻസസ് ബ്ലോക്കിൽനിന്നും കടുവ, പുലി, മറ്റ് മാംസഭോജികൾ എന്നിവയുടേയും ഇവയുടെ ആഹാരമായിട്ടുള്ള മറ്റ് മൃഗങ്ങളുടേയും ആവാസവ്യവസ്ഥകളുടേയും വിവരങ്ങൾ കൂടി ശേഖരിക്കും. അന്തിമമായി കടുവകളുടെ എണ്ണം പ്രഖ്യാപിക്കുന്നത് ഡെറാഡൂണിലുള്ള Wild Life Institute of India ആയിരിക്കും. ഒന്നാംഘട്ട ഫീൽഡ് സർവ്വേയിൽ മാങ്കുളം, പൂയംകുട്ടി, മലയാറ്റൂർ എന്നീ വനപ്രദേശങ്ങളിൽ സർവ്വേ തീയതി

യിൽത്തന്നെ കടുവകളുടെ സാന്നിദ്ധ്യം ഉള്ളതായ അടയാളങ്ങൾ ലഭിച്ചതായി ട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതെങ്കിലും ബ്ലോക്കിൽ കടുവകളുടെ സാന്നിദ്ധ്യം ഉണ്ടെന്ന് തെളിവുകൾ ലഭിച്ചില്ലെങ്കിൽകൂടി കഴിഞ്ഞ ഒരു വർഷ ത്തിനുള്ളിൽ തള്ളക്കടുവയോ തള്ളപ്പുലിയോ കുട്ടികളുമായി സെൻസസ്സ് ബ്ലോക്കിൽ ഉണ്ടായിരുന്നുവെന്നതിന്റെ വിവരങ്ങൾ, കഴിഞ്ഞ മൂന്ന് വർഷത്തി നുള്ളിൽ മാംസഭോജികൾ കന്നുകാലികളെ പിടിച്ച സംഭവങ്ങൾ എന്നീ വിവ രങ്ങളെല്ലാം Wild Life Institute of India-യുടെ അന്തിമ വിശകലനത്തിൽ ഉൾപ്പെടുന്നതാണ്. ശാസ്ത്രീയമായ രീതിയിൽ വിവരങ്ങൾ ശേഖരിക്കുന്നതി നാൽ സെൻസസ്സ് റിപ്പോർട്ടിൽ തിരിമറി നടത്താൻ സാധ്യമല്ല. കടുവ സംര ക്ഷണത്തിന് രാജ്യം നൽകുന്ന പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ കേരള ത്തിലെ ടൈഗർ സെൻസസ് നടപടികൾ കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുന്ന തിനുവേണ്ടി പി.സി.സി.എഫ്. (വൈൽഡ് ലൈഫ്)-ന് നിർദ്ദേശം നൽകുന്നതാ ണ്.

### (6) <u>വൈക്കം സി.എച്ച്.സി.-യുടെ ഭൂമി</u>

<u>ശ്രീ. കെ. അജിത്</u>: വൈക്കം സി.എച്ച്.സി.-യുടെ മൂന്ന് വർഷമായി അടച്ചിട്ടിരിക്കുന്ന K.H.R.W.S പേവാർഡും ആറ് ഏക്കറോളം വരുന്ന ഭൂമിയും എച്ച്.എം.സി.-ക്ക് വിട്ടുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരി ക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>): കെ.എച്ച്.ആർ.ഡബ്ള്യു.എസ്.-ന്റെ പേവാർഡ് റിനോവേഷൻ നടത്താൻ എട്ട് ലക്ഷം രൂപയ്ക്ക് ടെന്റർ ചെയ്തിട്ടുണ്ട്. ആ തുക വൈക്കം മുനിസിപ്പാലിറ്റി മുടക്കുമെങ്കിൽ ചില നിബന്ധനകൾക്ക് വിധേയമായി

അവർക്ക് വിട്ടുകൊടുക്കുന്നതാണ്. കാർ പാർക്കിംഗിന് ഉപയോഗിക്കാൻ എച്ച്.എം.സി.-ക്ക് സ്ഥലം നൽകുന്നതാണ്.

(7) <u>ഇരുമ്പ് ജങ്കാറുകളുടെ നിർമ്മാണം</u>

<u>ശ്രീ. തോമസ് ചാണ്ടി</u>: കുട്ടനാട്, കാവാലം, പുളിങ്കുന്ന് പ്രദേശങ്ങളിലെ ഇരുമ്പ് ജങ്കാറുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ</u>): കാവാലത്തെ ജങ്കാറിന്റെ പണിക്കായി കരാർ ഉറപ്പിച്ചെങ്കിലും റേറ്റ് എക്സസ് അംഗീകരിച്ച് കൊടുക്കാത്തതുകൊണ്ട് കരാറുകാരൻ പണി ഉപേക്ഷിച്ചുപോവുകയുണ്ടായി. റിസ്ക്ക് ആന്റ് കോസ്റ്റിൽ പണി ഏറ്റെടുക്കുകയും അറുപത് ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പണികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(8) <u>പാലങ്ങളുടെ പുനർ നിർമ്മാണം</u>

<u>ശ്രീ. കെ.വി. കുഞ്ഞിരാമൻ:</u> ഉദുമ മണ്ഡലത്തിലെ അൻപത് ലക്ഷം മുതൽ ഒന്നേകാൽ കോടി രൂപവരെ ചെലവ് പ്രതീക്ഷിക്കുന്ന ആറാട്ടുകടവ്, കൂടാനം, പുത്തൂർ, വണ്ണാത്തിക്കടവ് പാലങ്ങളുടെ പുനർനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>): ഉദുമ മണ്ഡലത്തിലെ ആറാട്ടുകടവ്, കൂടാനം, വണ്ണാത്തിക്കടവ് എന്നീ പാലങ്ങൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് റോഡുകൾ പി.ഡബ്ളിയു.ഡി.-ക്ക് വിട്ടുകിട്ടുന്ന മുറയ്ക്ക് മാത്രമേ പാലം പണിയാൻ സാധിക്കുകയുള്ളൂ. 67 ലക്ഷം രൂപയുടെ എസ്റ്റി

മേറ്റിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പുന്നൂർ പാലം പണി തുടങ്ങുന്നതാണ്.

(૭) അമിതമായ കീടനാശിനി പ്രയോഗം

ശ്രീ. വി.എസ്. സുനിൽ കുമാർ: കാർഷിക മേഖലയിൽ കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തണം. ആന്ധ്രാപ്രദേശിൽ നടപ്പിലാക്കിയ നോൺ പെസ്റ്റിസൈഡ് മാനേജ്മെന്റ് എന്ന പദ്ധതി ജനങ്ങളുടെ ആരോഗ്യത്തെ മുൻനിർത്തി കേരളത്തിലും പ്രാവർത്തികമാക്കണം. കൃഷിവകുപ്പിന്റേയോ കാർഷിക സർവ്വകലാശാലയുടേയോ അംഗീകാരമില്ലാത്ത കീടനാശിനികൾ നിരോധിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കീടനാശിനികളുടെ ഉപയോഗം ക്രമാനുഗതമായി കുറച്ച് ജൈവകീടനാശിനിയിലേയ്ക്ക് എത്തുന്ന പ്രവണത കേരളത്തിൽ കണ്ടുതുടങ്ങിയിട്ടുണ്ട്. ജൈവ കർഷകർ ധാരാളമായി രജിസ്റ്റർ ചെയ്തിട്ടുള്ളത് വയനാട് ജില്ലയിലാണ്. കൃഷി വകുപ്പിന്റെയോ കാർഷിക സർവ്വകലാശാലയുടെയോ നിർദ്ദേശമില്ലാതെ വലിയ പാടശേഖരങ്ങളിൽ കീടനാശിനികൾ പ്രയോഗിക്കുന്നതിന് കമ്പനികൾ നേരിട്ടുതന്നെ കർഷകരെ സ്വാധീനിക്കുന്നുണ്ട്. പെസ്റ്റിസൈഡ്സുമായി ബന്ധപ്പെട്ട നിയമങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണെങ്കിലും കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്താനുള്ള സാധ്യതകൾ ആരായുന്നതാണ്. ജൈവ നയം രൂപീകരിച്ച സാഹചര്യത്തിൽ ആന്ധ്രാപ്രദേശിൽ നടപ്പാക്കുന്ന കീടനാശിനി രഹിതമായ കൃഷി രീതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

(10) <u>പഞ്ചഗുസ്തിയെ സ്പോർട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്യാൻ നടപടി</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: പഞ്ചഗുസ്തിയെ സ്പോർട്ട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ):</u> കേരള സ്പോർട്ട്സ് കൗൺസിലിന്റെ അംഗീകാരത്തിനുവേണ്ടി ലഭിച്ച കായിക സംഘടനകളുടെ അപേക്ഷകളുടെ കൂട്ടത്തിൽ പഞ്ചഗുസ്തിയും ഉൾപ്പെടുന്നു. നിർദ്ദിഷ്ട യോഗ്യതകൾ ഉണ്ടെങ്കിൽ പഞ്ചഗുസ്തിക്കും അംഗീകാരം ലഭിക്കുന്നതാണ്.

(11) <u>ഗ്രേസ് മാർക്ക് നൽകുന്ന ഉത്തരവിലെ അപാകത</u>

<u>ശ്രീ. വി.എൻ. വാസവൻ:</u> ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന ഉത്തരവിലെ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി</u>): പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനായും എസ്.സി.ഇ.ആർ.ടി. ഡയറക്ടർ കൺവീനറായും രൂപീകരിച്ച സമിതി ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(12) <u>സ്കൂളുകൾ സർക്കാർ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കെ.കെ. ദിവാകരൻ:</u> പാലക്കാട് ഉപജില്ലയിൽ മാനേജർമാർ അടച്ചുപൂട്ടാൻ അനുമതി ആവശ്യപ്പെട്ട എ.ജെ.എം. സ്കൂൾ, ബി.എ.എം.എം സ്കൂൾ, പി.എം.എം.എം. സ്കൂൾ എന്നിവ പൊതുജന താല്പര്യം കണക്കിലെടുത്ത് ഏറ്റെടുത്ത് നടത്താനായി പാലക്കാട് മുനിസിപ്പാലിറ്റിയും മരുത് റോഡ്

പഞ്ചായത്തും പ്രമേയങ്ങൾ പാസ്സാക്കി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഈ സ്ക്കുളുകൾ നിലനിർത്താൻ ആവശ്യമായ സത്വര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പാലക്കാട് ജില്ലയിലെ രണ്ട് സ്കൂളുകൾ വിദ്യാർത്ഥികൾ കുറവായതുകൊണ്ട് അടച്ചുപൂട്ടണമെന്നുള്ള മാനേജർമാരുടെ അഭിപ്രായം ഗവണ്മെന്റ് അംഗീകരിക്കുന്നില്ല. ത്രിതല പഞ്ചായത്തുകളുടെ അഭിപ്രായംകൂടി പരിഗണിച്ചുകൊണ്ട് ഈ സ്ക്കൂളുകൾ നിലനിറുത്തുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് പരിശോധിക്കുന്നത്

### (13) ക്ഷേത്രഭൂമിയിൽ സസ്യ-ലത-വൃക്ഷങ്ങൾ നട്ടുവളർത്താൻ നടപടി

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ക്ഷേത്രങ്ങളിൽ നിത്യേന പൂജയ്ക്ക് ആവശ്യമായ എല്ലായിനം സസ്യ-ലത-വൃക്ഷങ്ങളും ക്ഷേത്ര പരിസരത്ത് നട്ടുവളർത്താനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

ദേവസ്വവും പ്രിന്റിംഗും സേറ്റ്ഷനറിയും വകുപ്പു മന്ത്രി (ശ്രീ. രാമ ചന്ദ്രൻ കടന്നപ്പള്ളി): തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വം ഭൂമികളിൽ ദേവാരണ്യം പദ്ധതിപ്രകാരം ചെടികളും വൃക്ഷത്തൈ കളും ഔഷധ സസ്യങ്ങളും വച്ചുപിടിപ്പിക്കുകയും കാവുകൾ സംരക്ഷിക്കു കയും ക്ഷേത്രങ്ങൾക്ക് ആവശ്യമായുള്ള പുഷ്പങ്ങൾ ലഭ്യമാക്കുന്നതിന് നന്ദാവനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൊച്ചി ദേവസ്വം ബോർഡിന്റെ ക്ഷേത്ര ഭൂമികളിൽ വൃക്ഷങ്ങളും പൂച്ചെടികളും നട്ടുവളർത്തുന്നുണ്ട്. 'പ്രാണ നുവേണ്ടി ഒരു മരം' എന്ന പദ്ധതി കൊച്ചി ദേവസ്വത്തിൽ നടപ്പാക്കിവരുന്നു. ക്ഷേത്ര ഭൂമിയിൽ ക്ഷേത്ര കർമ്മങ്ങൾക്കാവശ്യമായ സസ്യലതാദി വൃക്ഷ

ങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും നെൽകൃഷി ചെയ്യുന്നതിനും ആവശ്യമായ ഗ്രാന്റ് മലബാർ ദേവസ്വം ബോർഡിന്റെ ഈ വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. താൽപര്യമുള്ള ക്ഷേത്രങ്ങൾക്ക് നൽകുന്നതാണ്. ഗുരുവായൂരിൽ പശുക്കൾക്ക് ആവശ്യമായ പുല്ലുവളർത്തുന്നതിനും ആനകൾക്ക് പനംപട്ടയ്ക്കായി പനകൾ നട്ടുവളർത്തുന്നതിനുമുള്ള പ്രാരംഭ നടപടികൾ ഗുരൂവായൂർ ദേവസ്വം ആരംഭിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വം ഒരു നക്ഷത്ര വനപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(14) ജില്ലാ രൂപീകരണം

ശ്രീ. തോമസ് ഉണ്ണിയാടൻ: തൃശ്ശൂർ ജില്ലയുടെ തെക്കൻ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഇരിങ്ങാലക്കുട ആസ്ഥാനമാക്കി ജില്ല രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : തൃശ്ശൂർ ജില്ല വിഭജിച്ച് പുതിയ ജില്ല രൂപീകരിക്കുന്നതിന് ഉദ്ദേശമില്ല.

(15) മീലിബഗ്ഗ് എന്ന ചെറുജീവിയുടെ ആക്രമണം

ശ്രീ. ബാബു എം. പാലിശ്ശേരി: തൃശ്ശൂർ, പാലക്കാട് തുടങ്ങിയ ജില്ലകൾ ഉൾപ്പെടുന്ന മദ്ധ്യകേരളത്തിൽ മീലിബഗ്ഗ് എന്ന ചെറുജീവിയുടെ ആക്രമണം നിമിത്തം കാർഷിക വിളകൾ വ്യാപകമായി നശിച്ചുകൊണ്ടിരിക്കുന്നത് തടയാനായി കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും അടിയന്തര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേരളത്തിലെ പല വിളകളിലും പ്രത്യേകിച്ച് പപ്പായ മരത്തിൽ കണ്ടുവരുന്ന പുതിയതരം ചെറുജീവിയുടെ ശല്യം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ കാർഷിക സർവ്വകലാ

ശാലയിലെ ശാസ്ത്രജ്ഞരോട് വേണ്ട നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശിക്കുകയുണ്ടായി. തൃശ്ശൂർ ജില്ലയിലാണ് മീലിബഗ്ഗിന്റെ ആക്രമണം ആദ്യമായി റിപ്പോർട്ട് ചെയ്തത്. കടുത്ത ചൂടാണ് ഇവയുടെ വ്യാപനം കൂട്ടിയതെന്നാണ് കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുള്ളത്. ഇതിനെ നിയന്ത്രിക്കാൻ കാർഷിക സർവ്വകലാശാല പഠനങ്ങളും ഗവേഷണവും നടത്തുകയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

(16) അരീക്കോട് മൂർക്കനാട് കടവിൽ നടപ്പാലം

ശ്രീ. പി.കെ. അബ്ദുറബ്ബ്: മഞ്ചേരി നിയോജകമണ്ഡലത്തിൽ അരീക്കോട്-മൂർക്കനാട് കടവിൽ നടപ്പാലം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): അരീക്കോട് - മൂർക്കനാട് കടവിൽ പാലം നിർമ്മിക്കുന്നതിന് ഒരു കോടി മുപ്പത്തിയാറു ലക്ഷത്തി പതിനേഴായിരം രൂപ അനുവദിക്കുകയും. വേഗത്തിൽ നിർമ്മാണം ആരംഭിക്കാൻ 'കെൽ' -നോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(17) മദ്യനയം പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. എൻ. പ്രതാപൻ: മദ്യഷാപ്പുകളും ബാർ ലൈസൻസുകളും അനുവദിക്കാതെയും നൽകിയ ബാർ ലൈസൻസുകൾ പുനഃപരിശോധിച്ചും വിദ്യാലയങ്ങളിൽ മദ്യത്തിനെതിരായ കാമ്പയിൻ നടത്തിയും ലഭ്യതകുറച്ചും മദ്യ ഉപയോഗം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുകയും മദ്യ നയത്തിൽ ആവശ്യമായ മാറ്റം വരുത്തുകയും ചെയ്യണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ബാർ ലൈസൻസ് കൊടുക്കാതിരിക്കാനാകില്ല. അടുത്തവർഷം മുതൽ സ്റ്റാർ ഹോട്ടലുകൾക്കുള്ള ക്ലാസിഫിക്കേഷൻ ഉയർത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. കെ.എസ്.ബി.സി. ഔട്ട്ലെറ്റുകൾ വളരെ കുറച്ചുമാത്രമേ അനുവദിക്കുന്നുള്ളൂ. ഷാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കാനോ ചാരായനിരോധനം പിൻവലിക്കാനോ ഉദ്ദേശിക്കുന്നില്ല. മദ്യാസക്തി കുറയ്ക്കുന്നതിനായി കാമ്പയിൻ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

(18) തിരുത്തിയ സത്യവാങ്മൂലം സമർപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. റോഷി അഗസ്റ്റിൻ: അരനൂറ്റാണ്ടിലേറെക്കാലമായി കൈവശമിരിക്കുന്ന കൃഷിഭൂമിക്ക് സ്ഥിരാവകാശം ലഭിക്കാത്ത അവസ്ഥ നിലനിൽക്കുമ്പോഴാണ് ഉടുമ്പൻചോല, പീരുമേട്, ദേവികുളം താലൂക്കുകൾ അതീവ പരിസ്ഥിതി ദുർബല പ്രദേശങ്ങളായി പ്രഖ്യാപിക്കണമെന്നും ഭൂമികൈമാറ്റവും നിർമ്മാണപ്രവർത്തനങ്ങളും നിരോധിക്കണമെന്നുമുള്ള റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ട് വന്നിരിക്കുന്നത്. കർഷകരെ പ്രതികൂലമായി ബാധിക്കുന്ന ഈ റിപ്പോർട്ട് തിരുത്താൻ ഗവൺമെന്റ് തയ്യാറാകണം. 1-1-77-ന് മുമ്പ് കുടിയേറിയ കർഷകർക്ക് ഉപാധികളില്ലാതെ പട്ടയം നൽകണം. സി.എച്ച്.ആർ കേസുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ സർക്കാർ കൊടുത്തിരുന്ന സത്യവാങ്മൂലത്തിലെ പിഴവുകൾ തിരുത്തി കർഷകർക്ക് അനുകൂലമായ വിധിയുണ്ടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഏലക്കൃഷിക്കാരുടെ പാട്ടം പുതുക്കുന്നതിന് സുപ്രീം കോടതിയിൽനിന്ന് അനുകൂലമായ വിധി വരുന്നതിന് മുമ്പുതന്നെ പ്രീമിയവും ടാക്സും പിരിച്ചു തുടങ്ങി. ഇടുക്കി,

ഉടുമ്പൻചോല മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ കുടിയേറ്റക്കാർക്ക് പട്ടയം കൊടുക്കുന്നതിനെക്കുറിച്ച് തീരുമാനമായിട്ടുണ്ട്.

(19) സുരേന്ദ്രനും കുടുംബത്തിനും സംരക്ഷണം.

(ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്ററും നോട്ടീസ് നൽകിയിട്ടുണ്ട്).

ശ്രീ. യു.സി. രാമൻ: കോഴിക്കോട് ജില്ലയിലെ കക്കയം വനമേഖല യിൽ ഏഴ് ഏക്കർ സ്ഥലത്ത് കൃഷിചെയ്ത് ജീവിക്കുന്ന സുരേന്ദ്രനും കുടുംബത്തിനും കാട്ടുമൃഗങ്ങളുടെ ശല്യം കാരണം കൃഷി ചെയ്യാനോ സ്വൈരമായി ജീവിക്കാനോ സാധിക്കാത്ത സാഹചര്യത്തിൽ ഈ ഭൂമി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കുകയും അവർക്ക് മറ്റെവിടെയെങ്കിലും പകരം ഭൂമി നൽകുകയും ചെയ്യാൻ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കക്കയം കേന്ദ്രമായി വന്യജീവി സങ്കേതം വരുന്നതിനാൽ ചുറ്റുമുള്ളവരെ മാറ്റിപാർപ്പിക്കേണ്ടി വരുമെന്നുള്ളതിനാൽ സുരേന്ദ്രനും കുടുംബവും മാറാൻ തയ്യാറാണെന്ന് അറിയിച്ചാൽ കേന്ദ്രഗവൺമെന്റിന്റെ സഹായം കൂടി വാങ്ങിക്കൊടുത്ത് അവരെ മാറ്റിപ്പാർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) 2009-ലെ കേരള ട്രേഡ് യൂണിയനുകളുടെ അംഗീകരണം ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

(2) "പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും" സംബന്ധിച്ച റിപ്പോർട്ടും "നാളികേര മേഖല നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും" സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്ന് മുതൽ ഇരുപത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

<u>2009-2010 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും</u>

2009-2010 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാരിന്റെ കഴിഞ്ഞ നാല് വർഷത്തെ ഭരണം വിലയിരുത്തിയാൽ

സ്ഥായിയായ വികസനം ആഗ്രഹിക്കുന്ന ഒരു സർക്കാരല്ല കേരളത്തിലുള്ളതെന്ന് കാണാൻ കഴിയും. 3,487.56 കോടി രൂപയുടെ അധിക ധനാഭ്യർത്ഥനകളാണ് അവതരിപ്പിച്ചിരിക്കുന്നത്. ക്ഷേമപ്രവർത്തനങ്ങളോടൊപ്പം ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികളൊന്നും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. 2002-03-ൽ കൃഷിയിൽ നിന്നുള്ള വരുമാനം 21.13 ശതമാനമായിരുന്നെങ്കിൽ 2009 ആയപ്പോൾ അത് 11.9 ശതമാനമായി കുറഞ്ഞു. റബ്ബർ ഒഴികെയുള്ള എല്ലാ വിളകളുടെയും ഉൽപ്പാദനം കുറഞ്ഞുവരികയാണ്. മത്സ്യ സമ്പത്തിന്റെ കാര്യത്തിലും വളർച്ച അവകാശപ്പെടാൻ സാധിക്കില്ല. ഹാർബർ എഞ്ചിനീയറിംഗിന് 414 കോടി രൂപ വകയിരുത്തിയിരിക്കുന്നതിൽ 50 ശതമാനം കേന്ദ്ര ഗവൺമെന്റ് ഫണ്ടാണ്. മത്സ്യത്തൊഴിലാളികളുടെ പൊതുകടം 524 കോടി രൂപയുള്ളതിൽ 142 കോടി രൂപ മാത്രമാണ് ഇതുവരെ എഴുതിത്തള്ളിയത്. 63,000-ത്തോളം വരുന്ന ആക്ടീവായ ഫിഷിംഗ് ആന്റ് അലൈഡ് വർക്കേഴ്സിനെ സഹായിക്കുന്ന പദ്ധതികളൊന്നും ആവിഷ്ക്കരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. കൊച്ചി മെട്രോയ്ക്ക് 50 കോടി രൂപ വകയിരുത്തിയത് അപര്യാപ്തമാണ്. എറണാകുളം നഗരത്തിലെ ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള നാലുവരിപാതയ്ക്ക് മുകളിലൂടെ ഒരു ഫാസ്റ്റ് ട്രാക്ക് പാത നിർമ്മിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടെങ്കിലും അതിന് സംസ്ഥാന ഗവൺമെന്റ് നടപടികളൊന്നും സ്വീകരിക്കുന്നില്ല. 300 കോടി രൂപയുടെ പ്രോജക്ടായ വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റിക്ക് അഞ്ച് കോടി രൂപ വകയിരുത്തിയിരിക്കുന്നത് തീരെ അപര്യാപ്തമാണ്.

ഇതുപോലെയുള്ള വികസന കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ജി.സി.ഡി.എ.യോടുള്ള സർക്കാരിന്റെ നയം തിരുത്തണം. കഴിഞ്ഞ ഒരു വർഷമായി പി.എസ്.സി വഴിയുള്ള നിയമനങ്ങളൊന്നും നടക്കാത്തതിനാൽ പതിനായിരക്കണക്കിന് അഭ്യസ്തവിദ്യരുടെ ഭാവി അനിശ്ചിതത്വത്തിലായിരിക്കുകയാണ്. അദ്ധ്യാപകരുടെ പെൻഷൻപ്രായം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനമുണ്ടായെങ്കിലും ഇതുവരെ നടപ്പിലായിട്ടില്ല. ടെക്സ്റ്റൈൽ ഇൻഡസ്ട്രി റിവൈവ് ചെയ്യുന്ന ബൃഹത്തായ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുണ്ട്. കേന്ദ്രവിരുദ്ധ സമീപനം മാറ്റി കേന്ദ്ര നയങ്ങളുമായി യോജിച്ച് പോവുകയാണെങ്കിൽ അതിന്റെ നല്ലൊരു ശതമാനം തുക സംസ്ഥാനത്തിന് ലഭിക്കും. അതിനുവേണ്ടി ശ്രമിക്കണം. സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കാൻ കഴിയാത്തത് സർക്കാരിന്റെ പിടിപ്പുകേടാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. സംസ്ഥാന പോലീസിന്റെ കേസന്വേഷണത്തിൽ കേന്ദ്ര ഏജൻസി ഇടപെടുന്നത് ശരിയല്ല. നാല് വർഷക്കാലം ട്രഷറി പൂട്ടാതെ അധിക നികുതി ഏർപ്പെടുത്താതെ ജനക്ഷേമകരമായ പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കാനും ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനും നടപടി സ്വീകരിച്ചു. ട്രഷറികളിൽ സമ്പാദ്യം നിക്ഷേപിച്ച് ആ പ്രദേശത്ത് വികസന കുതിപ്പ് ഉണ്ടാക്കുമെന്നുള്ള പുതിയ ആശയം കേരളത്തെ മാറ്റിമറിക്കാൻ കഴിയുന്നതാണ്. എല്ലാ ഫയലുകളും ധനകാര്യ വകുപ്പുമന്ത്രി കാണണമെന്ന രീതിയിൽ മാറ്റം വരുത്തി. യാത്രാ തിരക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും

1400 ബസ്ബേകൾ ഏർപ്പെടുത്തി. മലയാള സർവ്വകലാശാല സ്ഥാപിക്കൽ, ഠൗൺ റോഡുകളുടെ വീതികൂട്ടൽ, ശമ്പളവും മറ്റും എ.റ്റി.എം.വഴി നൽകൽ, കെ.എസ്.ആർ.ടി.സി. സീസൺ ടിക്കറ്റ് അനുവദിക്കൽ, എല്ലാ എൻജിനീയറിംഗ് കോളേജുകൾക്കും പി.ജി.കോഴ്സുകൾ അനുവദിക്കൽ, 100 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കൽ, കൊച്ചി മുതൽ കോയമ്പത്തൂർ വരെ 250 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള വ്യവസായ കോറിഡോർ തുടങ്ങി ഒട്ടേറെ ജനക്ഷേമകരങ്ങളായ പദ്ധതികളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനും എല്ലാ വീടുകളിലും സി.എഫ്.എൽ. ബൾബുകൾ വിതരണം ചെയ്യാനുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. സംസ്ഥാനത്ത് അടഞ്ഞുകിടന്ന പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം തുറന്നു ലാഭത്തിലാക്കാനും എട്ടെണ്ണം പുതിയതായി ആരംഭിക്കാനും നടപടി സ്വീകരിച്ചു. പതിനായിരത്തോളം ആളുകൾക്ക് ചികിൽസാ ധനസഹായമായി 5 കോടി രൂപ കൊടുത്തു.

<u>ശ്രീ. ബാബു പോൾ</u> : ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കേരളത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ആഗോള സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് തൊഴിലാളികളേയും ദുർബ്ബല ജനവിഭാഗങ്ങളേയും സംരക്ഷിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കി. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സാമ്പത്തിക ഉത്തേജക പാക്കേജ് സംസ്ഥാനത്തിന് അനുകൂലമായി മാറിയിട്ടുണ്ട്. രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ 35 ലക്ഷം കുടുംബങ്ങളെ ഉൾപ്പെടുത്തുകയും അതിനാവശ്യമായ തുക

വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് പൊതു വിതരണ സമ്പ്രദായത്തെ തകർക്കാൻ ശ്രമിക്കുമ്പോൾ സപ്ലൈകോ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും നേരിട്ട് വിപണിയിൽ ഇടപെടുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. 100 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. നെല്ലുൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ചു. കർഷകർക്ക് നൽകിയ വായ്പകൾ കാർഷിക കടാശ്വാസ പദ്ധതി പ്രകാരം എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെല്ലിന്റെ തറവില 12 രൂപയായി ഉയർത്തി. നെൽക്കർഷകർക്ക് പെൻഷൻ പദ്ധതികൾ നടപ്പിലാക്കി. ചെറുപ്പക്കാരെയും കുടുംബശ്രീ പ്രവർത്തകരെയും സംഘടിപ്പിച്ചുകൊണ്ട് 15,000 ഏക്കർ ഭൂമിയിൽ പുതുതായി നെൽകൃഷി ആരംഭിച്ചു. സമഗ്ര നെൽകൃഷി സംരക്ഷണ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയത്തിൽ കുറവു വരുത്തി. ആസിയാൻ കരാറിന്റെ ഫലമായി സാമ്പത്തിക മേഖല നേരിടാൻ പോകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ജൈവക്കൃഷിക്ക് സർട്ടിഫിക്കേഷന് ആവശ്യമായ സാമ്പത്തിക സഹായം എസ്.എച്ച്.എം.വഴി വിതരണം ചെയ്യുന്നത് കൃഷിക്കാർക്ക് ആശ്വാസകരമാണ്. മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു. കാലിത്തീറ്റ സബ്സിഡി വിപുലീകരിച്ച് നടപ്പിലാക്കുന്നത് ക്ഷീര കർഷകർക്ക് ഗുണകരമാണ്. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 28 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും പൂട്ടിക്കിടന്നവ തുറന്ന് പ്രവർത്തിപ്പിക്കാനും സാധിച്ചിട്ടുണ്ട്. റിബേറ്റിനത്തിൽ കൈത്തറി

മേഖലയ്ക്ക് കൊടുക്കേണ്ട മുഴുവൻ തുകയും കൊടുത്തുതീർത്തു. പരമ്പരാഗത മേഖലയിൽ തൊഴിലും വേതനവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടയ മേളകൾ സംഘടിപ്പിച്ച് മിച്ച ഭൂമി പട്ടയങ്ങളും കൈവശ രേഖയും ഇതിനോടകം നൽകി. വനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിവരുന്നു. അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിച്ച് ഭൂമി ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കി. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്നതിനാവശ്യമായ റവന്യൂ ഉദ്യോഗസ്ഥരെ നിയമിക്കണം. ലക്ഷം വീട് നവീകരണ പദ്ധതിക്ക് തുക നീക്കിവച്ചു. ഇ.എം.എസ്. ഭവന പദ്ധതി നടപ്പിലാക്കി. ഇന്നവേറ്റീവ് ഹൗസിംഗ് പദ്ധതി ഹൗസിംഗ് ബോർഡ് ആരംഭിച്ചു. ചരക്ക് വാഹനങ്ങളുടെ കൂലി കൃത്യമായി നിശ്ചയിക്കണം. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ആർക്കിടെക്റ്റ് വിംഗിന്റെ പ്രവർത്തനം സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കണം. മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാടിന്റെ വികസനത്തിനും ജനക്ഷേമ പ്രവർത്തനങ്ങൾക്കുമായി നീക്കി വയ്ക്കുന്ന തുക ഫലപ്രദമായി ചെലവഴിക്കുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടു. സാമ്പത്തിക സ്ഥിതിക്കനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ ശ്രമം നടത്തുന്നില്ല. കൃഷിയും പരമ്പരാഗത വ്യവസായവും പ്രതിസന്ധി നേരിടുകയാണ്. സാമൂഹ്യ വികസനത്തിനായി നീക്കി വച്ച തുക പൂർണ്ണമായി ചെലവഴിച്ചില്ല. പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ മെല്ലെപ്പോക്ക്

നയമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേന്ദ്രാവിഷ്ക്കൃത പദ്ധതികൾക്ക് സംസ്ഥാനം നീക്കി വയ്ക്കുന്ന തുക ചെലവഴിക്കണം. കർഷക കടാശ്വാസ നിയമം ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചില്ല. ദേശീയ തൊഴിലുറപ്പ് പദ്ധതി വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തണം. സ്വകാര്യ/പൊതുമേഖല സ്ഥാപനങ്ങളുടെയും വൻകിട കമ്പനികളുടെയും ഭീമമായ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കണം. കെ.എസ്.ഇ.ബി. 2006 മുതൽ 2009 വരെയുള്ള വർഷങ്ങളിൽ ലഭിച്ച അധിക വരുമാനം വൈദ്യുതി റെഗുലേറ്ററി കമ്മിഷനു മുമ്പാകെ മറച്ചുവച്ചു കൊണ്ട് നിരക്ക് വർദ്ധനയ്ക്ക് ശ്രമിച്ചത് ന്യായീകരിക്കത്തക്കതല്ല. ഇടുക്കി പാക്കേജിനെക്കുറിച്ചോ സ്പൈസസ് പാർക്കിനെക്കുറിച്ചോ ബഡ്ജറ്റിൽ പ്രതിപാദിക്കാത്തത് ഖേദകരമാണ്. ഇടുക്കി ജലവൈദ്യുത പദ്ധതിക്ക് വഴികാട്ടിയായ കൊലുമ്പൻ മുത്തന് സ്മാരകം പണിയാനും ഇടുക്കിയിൽ വോളിബോൾ അക്കാഡമിക്ക് സ്ഥിരം ബിൽഡിംഗ് നിർമ്മിക്കാനും തുക അനുവദിക്കണം.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:</u> ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ധനകാര്യ വകുപ്പിന്റെ മികച്ച സാമ്പത്തിക മാനേജ്മെന്റിലൂടെ ട്രഷറി സ്തംഭനം ഒഴിവാക്കാൻ സാധിച്ചു. വികസന പ്രവർത്തനങ്ങൾക്കും ദുരിതാ ശ്വാസത്തിനും എല്ലാ നിയോജകമണ്ഡലങ്ങൾക്കും ഒരേപോലെ തുക അനു വദിച്ച ഗവണ്മെന്റാണിത്. വിദ്യാഭ്യാസമേഖലയിൽ വളരെയധികം പുരോ ഗതി കൈവരിക്കാൻ കഴിഞ്ഞു. ആശുപത്രികളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തി. കർഷകത്തൊഴിലാളികളുടെ ക്ഷേമനിധിയിലേയ്ക്ക് മതിയായ വിഹിതം നൽകി. നെല്ലിന്റെ സംഭരണവില 12 രൂപയാക്കി ഉയർത്തി. പച്ചത്തേങ്ങ സംഭരിക്കാൻ തീരുമാനമെടുത്തു. ഭക്ഷ്യ സുരക്ഷ

യുമായി ബന്ധപ്പെട്ട് നെല്ലുൽപ്പാദനത്തിനായി സർക്കാർ മാതൃകാപരമായ ശ്രമമാണ് നടത്തുന്നത്. മരക്കാടി തോട് നന്നാക്കുന്നതിനായി മൂന്ന് കോടി രൂപ അനുവദിക്കാമെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. തൊഴിലുറപ്പ് പദ്ധതി യിൽ നെൽകൃഷിക്ക് മണ്ണൊരുക്കാനും നെല്ലുകൊയ്യാനുമുള്ള ജോലി കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ കാര്യമായ പ്രൊവിഷനൊന്നും വയ്ക്കാതെ എല്ലാ വർഷവും സപ്ലിമെന്ററി ഡിമാന്റ് കൊണ്ടുവന്ന് പാസ്സാക്കിയെടുക്കുന്ന രീതിയാണ് ധനകാര്യ വകുപ്പുമന്ത്രി സ്വീകരിക്കുന്നത്. ഗവൺമെന്റിന്റെ റവന്യൂ ചെലവ് വർഷംതോറും വർദ്ധിച്ചുവരുന്നത് വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നുള്ളതിന്റെ തെളിവാണ്. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച മാന്ദ്യ വിരുദ്ധ പാക്കേജ് ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 3000 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി കൊടുത്തിട്ടുണ്ടെങ്കിലും അതിന് പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ലാത്തതുകൊണ്ട് ടെൻഡർ വിളിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഏകീകരിച്ചുകൊണ്ട് അവർക്ക് കൊടുക്കാനുള്ള തുക എടുത്ത് കരാറുകാർക്കുള്ള കുടിശ്ശിക കൊടുത്തുതീർത്തെങ്കിലും പെൻഷൻ ആനുകൂ ല്യങ്ങൾ കൊടുക്കേണ്ട ബാദ്ധ്യത വരുന്നത് ഇനി വരാൻപോകുന്ന ഗവൺമെന്റിനാണ്. നിത്യോപയോഗ സാധനങ്ങളുടെ വില ഉയരുന്നതിനനു സരിച്ച് മാർക്കറ്റ് ഇന്റർവെൻഷന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരു ത്തിയിട്ടില്ല. സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചുവരുന്നു. ഐ.ടി., ടൂറിസം മേഖലകളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്ക

ണം. ടെക്നോപാർക്ക് ഈട് കൊടുത്ത് ബാങ്ക് ലോണെടുത്ത് ടെക്നോസിറ്റി പണിയുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കണം.

ശ്രീ. എം.കെ. പുരുഷോത്തമൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനോന്മുഖമായ വീക്ഷണത്തോടുകൂടിയുള്ള ഒരു ബഡ്ജറ്റാണിത്. എല്ലാ നിയോജകമണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചു. സാമൂഹ്യക്ഷേമ പദ്ധതികൾ വിപുലമാക്കാനും പെൻഷൻ തുക വർദ്ധിപ്പിക്കാനും കുടിശ്ശിക കൊടുത്തു തീർക്കാനും കഴിഞ്ഞു. വ്യവസായ രംഗത്തും കാർഷിക മേഖലയിലും പരമ്പരാഗത തൊഴിൽ മേഖലയിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. അഞ്ചെണ്ണമൊഴികെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും ലാഭത്തിലാക്കാനും എട്ട് പുതിയ പൊതുമേഖലാ സംരംഭങ്ങൾ ആരംഭിക്കാനും ഈ ഗവൺമെന്റിന് സാധിച്ചത് പ്രശംസനീയമാണ്. രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയുടെ പ്രയോജനം 35 ലക്ഷം കുടുംബങ്ങൾക്കാണ് ലഭിക്കുന്നത്. എസ്.സി./എസ്.ടി. വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് സഹായകരമായ നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമ്പോൾ കേരളത്തിനുള്ള റേഷൻ വിഹിതം കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റെയും ഡീസലിന്റേയും വില വർദ്ധിപ്പിച്ചതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വില വീണ്ടും ഉയരാൻ പോവുകയാണ്. പാലക്കാട് കോച്ച് ഫാക്ടറി, എറണാകുളം മെട്രോ റെയിൽ പദ്ധതി, ചേർത്തലയിലെ വാഗൺ ഫാക്ടറി എന്നിവയ്ക്ക് കേന്ദ്രബഡ്ജറ്റിൽ പണം നീക്കിവയ്ക്കാൻ കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രിമാർ ഉണ്ടായിട്ടും കഴിഞ്ഞില്ല.

<u>ശ്രീ. കെ.പി. മോഹനൻ:</u> സ്പോർട്ട്സ് വകുപ്പിനുവേണ്ടി പ്രത്യേകമായി ഒരു ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കണം. കഴിഞ്ഞ ബഡ്ജറ്റിൽ കളരി അക്കാഡമിക്കുവേണ്ടി തുക വകയിരുത്തിയിരുന്നെങ്കിലും അത് ചെലവഴിക്കാൻ സാധിച്ചിട്ടില്ല. കളരി മേഖലയെ പ്രോൽസാഹിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നിയോജകമണ്ഡലങ്ങൾക്ക് അനുവദിച്ചിരിക്കുന്ന വർക്കുകൾക്ക് ഭരണാനുമതി നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. പെൻഷൻ ലഭിക്കാത്ത ദരിദ്രർക്ക് 100 രൂപ പെൻഷൻ നടപ്പാക്കണം. പ്രവാസികൾക്കുള്ള പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. 1996 മുതലുള്ള ദുർബല വിഭാഗങ്ങളുടെ ഭവന വായ്പ കുടിശ്ശിക എഴുതിത്തള്ളാനുള്ള നടപടികൾ പൂർത്തീകരിക്കണം. സി.എഫ്.എൽ.നൽകി വൈദ്യുതി ലാഭിക്കുന്ന പദ്ധതി സാർവ്വത്രികമാക്കണം. ആരോഗ്യ മേഖലയിൽ ചികിത്സ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ആർ.സി.സി. യിൽ ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് സ്റ്റാഫുകളെയും നിയമിക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. നിയോജകമണ്ഡലങ്ങൾക്ക് അനുവദിക്കുന്ന വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് യഥാസമയം ചെലവഴിക്കുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയർക്ക് ചുമതല നൽകിയത് സ്വാഗതാർഹമാണ്.

<u>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി</u>: ഉപധാനാഭ്യർത്ഥനയെ പിന്താങ്ങുന്നു. ഓരോ മണ്ഡലത്തിലും നടക്കുന്ന 15 കോടിയോളം രൂപയുടെ വികസനപ്രവർത്തനങ്ങൾ പ്രതിപക്ഷാംഗങ്ങൾ കണ്ടില്ലെന്നു നടിക്കുന്നത് ശരിയല്ല. ചമ്രവട്ടം റഗുലേറ്റർ കം-ബ്രിഡ്ജിന്റെ പണി ഈ വർഷം പൂർത്തീകരിക്കുന്നതിന് 60 കോടി രൂപ നീക്കി വച്ചത് സ്വാഗതാർഹമാണ്. പെരിന്തൽമണ്ണയിൽ

അലിഗഢ്  മുസ്ലീം യൂണിവേഴ്സിറ്റി കാംപസ്സിനായി 124 ഏക്കർ ഭൂമിക്ക് കൈവശരേഖ കൈമാറാൻ കഴിഞ്ഞു. ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിന് സാധിച്ചു.  ബസ് സ്റ്റാന്റുകളിൽ ടോയ്ലറ്റ് സൗകര്യം ഏർപ്പെടുത്താൻ വേണ്ടി തുക നീക്കിവച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സുകളിലും പൊതുവായ ടോയ്ലറ്റ് സൗകര്യം ഉണ്ടാക്കുന്നതിനു വേണ്ടി മുൻകൈയെടുക്കണം. പാലോളി മുഹമ്മദ്കുട്ടി കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കാൻ സ്പെഷ്യൽ ഓഫീസറെ നിശ്ചയിക്കാൻ തീരുമാനിച്ചത്  സ്വാഗതാർഹമാണ്. മൂന്നാറിലെ കയ്യേറ്റ ഭൂമി ഒഴിപ്പിച്ച് പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം.

ശ്രീ. കെ.ടി.ജലീൽ: ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ നാല് ബഡ്ജറ്റുകളും പരിശോധിച്ചാൽ  അതിവിദഗ്ദ്ധമായ ധനകാര്യ മാനേജ്മെന്റിലൂടെ  അധിക ധനസമാഹരണം  നടത്തുകയും കേരളത്തിന്റെ പുരോഗതിക്കുവേണ്ടി ചെലവഴിക്കുകയും  ചെയ്തതായി കാണാം. പൊതുമരാമത്ത് വകുപ്പിന് ആവശ്യപ്പെട്ടിരിക്കുന്ന ഉപധനാഭ്യർത്ഥനകളിൽ നിന്നു തന്നെ മനസ്സിലാകും സംസ്ഥാനത്ത് എന്തുമാത്രം വികസന പ്രവർത്തനങ്ങൾ നടക്കുന്നു എന്ന്. ഓരോ നിയോജകമണ്ഡലത്തിലും 15 കോടിയോളം രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികളാണ്  നടക്കുന്നത്.  വിദ്യാഭ്യാസ മേഖലയിൽ ആവശ്യമായ കോഴ്സുകളും അദ്ധ്യാപക തസ്തികകളും അനുവദിച്ചു. ആരോഗ്യ മേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനും ഉപധനാഭ്യർത്ഥനകൾ  ആവശ്യപ്പെട്ടിരിക്കുന്നതിൽ നിന്നുതന്നെ മർമ്മപ്രധാനമായ ജോലികൾ  ഈ ഗവൺമെന്റ് വളരെ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കാൻ ശ്രമിക്കുന്നു എന്നുള്ളത് മനസ്സിലാകും.

രൂക്ഷമായ വിലക്കയറ്റത്തെ പിടിച്ചുനിറുത്താൻ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനും കമ്പോള ഇടപെടലുകൾ നടത്താനുമാണ് ഭക്ഷ്യ വകുപ്പിന് ഉപധനാഭ്യർത്ഥനകൾ ആവശ്യപ്പെട്ടിരിക്കുന്നത്. വ്യവസായിക നിർമ്മാണ പശ്ചാത്തല മേഖലകളിൽ സംസ്ഥാനം കഴിഞ്ഞ ഒരു വർഷം മാത്രം നേടിയ അഭൂതപൂർവ്വമായ വളർച്ചയുടെ കണക്കാണ് വ്യവസായത്തി നുവേണ്ടിയുള്ള ഉപധനാഭ്യർത്ഥന സൂചിപ്പിക്കുന്നത്. നികുതി നിർദ്ദേശങ്ങൾ ഇല്ലാത്ത ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധിച്ചു. പണമില്ല എന്ന കാരണം പറഞ്ഞ് ഒരു ദിവസം പോലും ട്രഷറി പൂട്ടിയിടേണ്ട അവസ്ഥ ഉണ്ടായിട്ടില്ല. ഈ ഗവൺമെന്റ് സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ഫലപ്രദമായ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതുകൊണ്ടാണ് പൊതുകടം വർദ്ധിച്ചത്. നാഷണൽ ബാങ്കുകൾക്ക് സമാനമായി ട്രഷറികളെ നവീകരിച്ചു. പഞ്ചസാരയുടെ വില പിടിച്ചുനിറുത്തുന്നതിനുവേണ്ടി നാല് ശതമാനം നികുതി ഇളവ് പ്രഖ്യാപിച്ചു. മുദ്രപത്രത്തിന്റെ നിരക്കിൽ അടിസ്ഥാന പരമായി മാറ്റങ്ങൾ വരുത്തി ഭൂമിയുടെ ക്രയവിക്രയം ത്വരിതപ്പെടുത്തി. ബിയറിനും വൈനിനുമുള്ള നികുതി 60 ശതമാനത്തിൽത്തന്നെ നിലനി റുത്തുകയും അതിൽനിന്ന് അധികമായി കിട്ടുന്ന വരുമാനം ഭക്ഷ്യ സബ്സി ഡിക്കായി അനുവദിക്കുകയും ചെയ്യണം.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഉപധനാഭ്യർത്ഥനകളിൽ ആവശ്യപ്പെട്ടിരിക്കുന്ന തുകയുടെ 26 ശതമാനം മൂലധന ചെലവിനും 60 ശതമാനം പദ്ധതിച്ചെലവുകൾക്കുവേണ്ടിയുമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയതിന് പുറമെ കൂടുതൽ തുക പല മേഖല കളിലായി ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾക്കുവേണ്ടി ഗവൺമെന്റ്

വളരെ പ്രാധാന്യം നൽകുന്നുണ്ട്. ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി 94 കോടി രൂപയാണ് അധികമായി ചെലവഴിച്ചിരിക്കുന്നത്. വാട്ടർ അതോറിറ്റിക്ക് 50 കോടി രൂപ അധിക ധനസഹായം നൽകി. വൻകിട ചെറുകിട പദ്ധതികൾ പൂർത്തിയാക്കി പത്തു ലക്ഷത്തോളം പേർക്ക് പുതിയതായി കുടിവെള്ളം വിതരണം ചെയ്യാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്. ബോധവൽക്കരണ പരിപാടികളും പ്രതിരോധ നടപടികളും സ്വീകരിച്ചതിന്റെ ഫലമായി പകർച്ച വ്യാധികൾ തടയാൻ കഴിഞ്ഞു. സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാനും ഡോക്ടർമാരുടെയും നഴ്സുമാരുടെയും കുറവ് പരിഹരിക്കാനും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. പാവപ്പെട്ടവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതും സാമൂഹ്യനീതി ഉറപ്പാക്കുന്നതുമായ നയങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞു. ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനമേർപ്പെടുത്താൻ 4 കോടി രൂപയും വ്യാപാരി ക്ഷേമനിധിക്ക് 5 കോടി രൂപയും വില്ലേജ് ഓഫീസുകളുടെ പുനരുദ്ധാരണത്തിന് 5 കോടി രൂപയും അനുവദിക്കുകയുണ്ടായി. റേഷൻ കാർഡുകൾ പുതുക്കി നൽകി. സ്റ്റാമ്പ് പേപ്പർ വിൽപ്പന പരിധി 20,000 രൂപയെന്നുള്ളത് മാറ്റി പരിധിയില്ലാതെ എല്ലാ വെണ്ടർമാർക്കും സ്റ്റാമ്പ് പേപ്പർ വിൽക്കാനുള്ള അനുവാദം നൽകണം. കോർട്ട് ഫീ സ്റ്റാമ്പിനുള്ള കമ്മീഷൻ വർദ്ധിപ്പിക്കണം. ചാലക്കുടിയിൽ ഒരു വെണ്ടർ ഏജൻസി അനുവദിക്കണം. കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളുടെ താരതമ്യ പഠനം നടത്തിയാൽ സംസ്ഥാനത്തെ ജനങ്ങളെ വഞ്ചിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞ വാഗ്ദാന

ങ്ങളെല്ലാം നടപ്പിലാക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. ഭൂപരിഷ്ക്കരണം നടപ്പിലാക്കിയതും പാവപ്പെട്ടവർക്ക് 10 സെന്റ് ഭൂമി നൽകിയതും കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചതും മാവേലി സ്റ്റോറുകൾ ആരംഭിച്ചതും സാക്ഷരതാ പരിപാടിയും ജനകീയാസൂത്രണ പദ്ധതിയും നടപ്പിലാക്കിയതുമെല്ലാം എൽ.ഡി.എഫ്. ഗവൺമെന്റുകളാണ്. വർഷങ്ങളായി സ്തംഭിച്ചു കിടന്ന കുടപ്പുഴ തടയണ നിർമ്മാണവും വേലൂർ-കൊരട്ടി കുടിവെള്ള പദ്ധതിയും കൊരട്ടി റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണവും പൂർത്തിയാക്കാൻ കഴിഞ്ഞു. കാടുകുറ്റി പഞ്ചായത്തിനുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചു. ഐ. ടി. പാർക്ക്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മിനി സിവിൽ സ്റ്റേഷൻ, ജോയിന്റ് ആർ. ടി. ഓഫീസ് തുടങ്ങി ചാലക്കുടി നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ട്. കൊരട്ടിയിൽ കമ്പനികൾ പ്രവർത്തനം ആരംഭിക്കുന്നതോടെ അയ്യായിരത്തോളം പേർക്കെങ്കിലും ആദ്യ ഘട്ടത്തിൽ തൊഴിൽ നൽകാൻ കഴിയുന്നതാണ്.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ നടത്തിയ പ്രഖ്യാപനങ്ങളൊന്നും നടപ്പിലാക്കാത്ത ഒരു ഗവൺമെന്റാണിത്. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളും പദ്ധതികളും വെറും സാങ്കൽപ്പികം മാത്രമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ 3,000 കോടി രൂപയുടെ കുടിവെള്ള-ജലസേചന പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിയതല്ലാതെ അവ പ്രാവർത്തികമാക്കിയിട്ടില്ല. സ്വകാര്യ-സംയുക്ത മേഖലകളിൽ പുതിയ നിക്ഷേപങ്ങളൊന്നും കൊണ്ടുവരാൻ കഴിഞ്ഞില്ല. ഇ.എം.എസ്.പാർപ്പിട പദ്ധതി നടപ്പിലാക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കാർഷികോല്പാദന മേഖലയിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. കടാശ്വാസ കമ്മീഷന്

കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയില്ല. മാർക്കറ്റ് ഇന്റർവെൻഷന് ആവശ്യമായ തുക നീക്കിവയ്ക്കണം. രൂക്ഷമായ വിലക്കയറ്റം ഉണ്ടായപ്പോൾ ഭക്ഷ്യ സബ്സിഡിക്ക് യാതൊന്നും ചെലവഴിക്കാത്ത ഗവൺമെന്റാണ് സംസ്ഥാനം ഭരിക്കുന്നത്.

ശ്രീ. ടി. പി. കുഞ്ഞുണ്ണി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാവപ്പെട്ട ജനവിഭാഗങ്ങളെ സഹായിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്ന ഗവൺമെന്റാണിത്. യു.ഡി.എഫ്. ഗവൺമെന്റ് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ നഷ്ടത്തിലാക്കുകയും അടച്ചുപൂട്ടുകയുമാണ് ചെയ്തതെങ്കിൽ ഈ ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിച്ച് ലാഭത്തിലാക്കുകയാണുണ്ടായത്. ഒരു ജില്ലയിലെങ്കിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ കഴിഞ്ഞത് ഗവൺമെന്റിന്റെ നേട്ടമാണ്. 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. സാമൂഹ്യക്ഷേമ പെൻഷനുകളെല്ലാം വർദ്ധിപ്പിച്ചു. അദ്ധ്യാപകരുടേയും സർക്കാർ ജീവനക്കാരുടേയും ഡി. എ. കുടിശ്ശിക കൊടുത്തുതീർത്തു. പതിനൊന്ന് ലക്ഷം ആളുകൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതോടൊപ്പം 35 ലക്ഷം ആളുകളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച്വരികയുമാണ്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആയിരക്കണക്കിന് ഏക്കർ സ്ഥലത്ത് പുതുതായി നെൽക്കൃഷി ആരംഭിച്ചതോടൊപ്പം കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമത ഗണ്യമായി വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. കൃഷി വകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും ശ്രദ്ധാപൂർവ്വമായ പ്രവർത്തനങ്ങളുടെ

ഫലമായി രാസവളം, വിത്ത്, പലിശരഹിത വായ്പ എന്നിവ നൽകിവരുന്നത് കർഷകർക്ക് ആശ്വാസമാണ്. കാർഷിക കടം എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചതിന്റെ ഫലമായി കാർഷിക മേഖല പുരോഗമിച്ചുവരികയാണ്.

ശ്രീ. കെ. രാജു: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് വിഹിതം ലഭിക്കുന്ന പദ്ധതികൾക്ക് സംസ്ഥാന വിഹിതമായി ചെലവാക്കേണ്ട തുക ഉൾപ്പെടെയാണ് ഉപധനാഭ്യർത്ഥനകളായി വന്നിരിക്കുന്നത്. ഈ സർക്കാർ കഴിഞ്ഞ കാലങ്ങളിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ബഡ്ജറ്റിലൂടെയും മറ്റും പാലിച്ചുകൊണ്ട് മുന്നോട്ട് പോവുകയാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലും നൂറുക്കണക്കിന് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ സംബന്ധിച്ച് അവിടുത്തെ ജനങ്ങളുമായി ചർച്ച ചെയ്ത് ധാരണയിലെത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. എ. എം. യൂസഫ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് പരമാവധി ആശ്വാസം പകരുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനുതകുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം കുറയ്ക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നതെങ്കിൽ അതിൽ നിന്ന് വ്യത്യസ്തമായ സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. 35 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി വിതരണം, നഗര മേഖലയിൽ തൊഴിലുറപ്പ് പദ്ധതി, തുടങ്ങി വിവിധ ക്ഷേമ പദ്ധതികൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും

പര്യാപ്തമായ തുകകൾ നീക്കിവച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. പരിസ്ഥിതി സംരക്ഷണത്തിനും വന സംരക്ഷണത്തിനും മാതൃകാപരമായ നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്. പരമ്പരാഗത മേഖലയെ സംരക്ഷിക്കാനും സ്വകാര്യ മേഖലയിലുൾപ്പെടെയുള്ള വ്യവസായങ്ങളെ ലാഭത്തിലാക്കാനുമുള്ള നടപടി കളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സഹകരണം, ആരോഗ്യം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, കെ.എസ്. ആർ.ടി.സി തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞതും തീവ്രവാദപ്രവർത്തനങ്ങൾ തടയാൻ കഴിഞ്ഞതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. എം. മുരളി</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ വർഷം അവതരിപ്പിച്ച ബഡ്ജറ്റിൽ, മാന്ദ്യവിരുദ്ധ സ്റ്റിമുലേറ്റഡ് പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച ഒരു പദ്ധതിക്കും പണം നീക്കി വയ്ക്കാതെ ബഡ്ജ റ്റിന്റെ കൺസപ്റ്റ് മുഴുവൻ അട്ടിമറിച്ചിരിക്കുകയാണ്. 2009-ൽ 65 വയസ് കഴിഞ്ഞവർക്കും മറ്റ് പെൻഷനുകളൊന്നും കിട്ടാത്തവർക്കും പെൻഷൻ നൽകുമെന്ന് പ്രഖ്യാപനമുണ്ടായെങ്കിലും ഒരു നടപടിയും ആയിട്ടില്ല. പ്രവാസി പുനരുദ്ധാരണ പദ്ധതി, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തുന്ന സബർബൻ റെയിൽവേ പദ്ധതി, ഇടുക്കി വയനാട് എയർ ട്രിപ്പ്, ഹെലികോപ്റ്റർ നെറ്റ് വർക്ക് സർവ്വീസ്, മലബാർ കൺവെൻഷൻ സെന്റർ, അങ്കമാലിയിലെ ഫിനാൻഷ്യൽ ഹബ്, മാനാട്ടുകര യിലെ അന്തർദേശീയ പാർക്കുൾപ്പെടെ കഴിഞ്ഞ ബഡ്ജറ്റിലെ ഒരു പദ്ധതിക്കും എസ്.ഡി.ജി.-യിൽപോലും തുക വകയിരുത്തിയിട്ടില്ല. ഇടക്കൊ ച്ചിയിലെ സസ്റ്റെയിനബിൾ ഡെവലപ്മെന്റ് സോൺ, കൊരട്ടിയിലെ മെഡി

സിറ്റി, അരൂർ-എടപ്പള്ളി എലിവേറ്റഡ് ബൈപ്പാസ്, കോഴിക്കോട്ടെ ഇക്കോ സൊല്യൂഷൻ പാർക്ക്, കൊച്ചിയിലെ പത്മസരോവരം കോംപ്ലക്സ്, കണ്ണൂർ, ഹെൽത്ത് കെയർ വില്ലേജ്, കൊച്ചിയിലെ വാട്ടർ ട്രാൻസ്പോർട്ട് നെറ്റ് വർക്ക് ഇവയ്ക്കും ഒരു രൂപപോലും നീക്കി വച്ചിട്ടില്ല. ചീമേനിയിൽ എണ്ണായിരം കോടി രൂപയുടെ സൂപ്പർ ടെർമിനൽ സ്റ്റേഷനും ആയിരത്തിയഞ്ഞൂറ് കോടി രൂപ മുതൽമുടക്കി തിരുവനന്തപുരത്ത് ലൈഫ്സെയിൻസ് പാർക്കുണ്ടാക്കുമെന്ന് പറഞ്ഞതും കൊച്ചിയിലെ ഇലക്ട്രിസിറ്റി ഹാർഡ് വെയർ പാർക്കും, കൊച്ചിയിലെ പെട്രോ കെമിക്കൽ പാർക്കും ജലരേഖകളായി മാറിയിരിക്കുന്നു. മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി 5000 കോടി രൂപ സർക്കാർ നേരിട്ട് ഇൻവെസ്റ്റ് ചെയ്യുമെന്നും റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ ഏൽപിക്കുമെന്നും പറഞ്ഞിരുന്നു. എന്നാൽ എ.എസും ടി.എസും കൊടുത്ത വർക്കുകൾക്ക് ഒരു ശതമാനം പണംപോലും നീക്കിവച്ചിട്ടില്ല. 1500 കോടി രൂപയുടെ മലബാർ പാക്കേജിനും കുട്ടനാട് പാക്കേജിനും ഇടുക്കി പാക്കേജിനും നാളികേരത്തിന്റെ 15 കോടി രൂപയുടെ വികസന പദ്ധതിക്കും വിലസ്ഥിരതാ ഫണ്ട് തുടങ്ങിയ പ്രഖ്യാപനങ്ങൾക്കും പണം നീക്കി വയ്ക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ സ്ക്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ ഒന്നും പറയുന്നില്ല. സർവ്വീസ് പെൻഷൻകാർക്ക് ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുമെന്ന പ്രഖ്യാപനം കടലാസ്സിൽ മാത്രം ഒതുങ്ങിയിരിക്കുകയാണ്. 500 കോടി രൂപ ചെലവ് വരുന്ന തീരദേശ ഹൈവേയ്ക്ക് 80 കോടി രൂപയും 1500 കോടി രൂപയുടെ ഹിൽ ഹൈവേയ്ക്ക് 40 കോടി രൂപയും കഴിഞ്ഞ ബഡ്ജറ്റിൽ നീക്കി വയ്ക്കുമെന്ന് പറഞ്ഞതിനും ഒരു നടപടിയുമില്ല. കേന്ദ്ര

പ്രതിരോധ വകുപ്പുമായി ബന്ധപ്പെട്ട വ്യവസായ വികസനം മാത്രമാണ് കേരളത്തിൽ നടന്നിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതി 22 ശതമാനം മാത്രമേ നടപ്പിലാക്കിയിട്ടുള്ളു. 2007 -ൽ തീരേണ്ട ജപ്പാൻ കുടിവെള്ള പദ്ധതി ഇപ്പോഴും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 2100 കോടി രൂപയുടെ കെ.എസ്. ടി.പി. റോഡ് വികസന പദ്ധതിയുടെ രണ്ടാം ഘട്ടം ലോക ബാങ്കിന്റെ സഹായ ത്തോടെ നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം മാത്രമാണുള്ളത്. സെയിൽസ് ടാക്സ് കുടിശ്ശികയുടെ കളക്ഷൻ കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞതിന്റെ വെറും 13 ശതമാനം മാത്രമേ പിരിച്ചുള്ളു; ഈ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപന ങ്ങളും നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിയുകയില്ല.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>) : 2008 - 2009 ലെ ഫൈനൽ കണക്ക് പ്രകാരം 7,700 കോടി രൂപയുടെ പദ്ധതി ചെലവിൽ എ.ജി. അംഗീകരിച്ചിട്ടുള്ളത് 7,204 കോടി രൂപയുടേതാണ്. 2009 - 10 -ലെ പദ്ധതി യിൽ എൽ.എസ്.ജി.യും ഇലക്ട്രിസിറ്റിയുമൊക്കെ മാറ്റി നിർത്തിയാൽ ബ്ഡജറ്റ് അറ്റ് ഗ്ലാൻസിൽ 6,516 കോടി രൂപയാണ്. സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിലെ 2,102 കോടി രൂപ പ്ലാൻ ഇനത്തിലുള്ളതാണ്. സപ്ലിമെന്ററി ഡിമാന്റിലെ പകുതിയോളം തുക നേരത്തെ ചെലവാക്കിയത് റെഗുലറൈസ് ചെയ്യാനും പകുതി അടിയന്തിരമായിട്ടുള്ള ചെലവുക ൾക്കുമാണ്. 2009-10 ലെ പദ്ധതി വിഹിതത്തിൽ ഉണ്ടായ ചെലവ് 100 ശതമാന ത്തിലധികമായിരിക്കും. സപ്ലിമെന്ററി ഡിമാന്റിന്റെ ഫലമായി 2009 - 10 ലെ അക്കൗണ്ട് വരുമ്പോൾ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ റിവൈസ് എസ്റ്റിമേ റ്റിൽ പറയുന്നതിനേക്കാൾ ഗണ്യമായി ഉയരും. കഴിഞ്ഞ വർഷം ഒരു ദിവസം പോലും വേയ്സ് ആന്റ് മീൻസ് മൈനസിൽ പോയിട്ടില്ല. സപ്ലിമെന്ററി

ഡിമാന്റിലെ തുക കൂടി വരുമ്പോൾ ക്യാപിറ്റൽ എക്സ്പെന്റിച്ചർ ഇതുവരെ ഉള്ളതിൽവച്ച് ഏറ്റവും ഉയർന്നതായിരിക്കും. ഗ്രാന്റ്സ് കൂടി വരുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റിൽ പറയുന്നതിനേക്കാൾ റവന്യൂ ഡെഫിസിറ്റും ഫിസ്ക്കൽ ഡെഫിസിറ്റും ഉയരും. അടുത്ത ജൂൺ മാസം ആകുമ്പോഴേയ്ക്കും മണൽ വിൽപ്പന വഴി 400 കോടി രൂപയോളമെങ്കിലും ലഭിക്കുകയാണെങ്കിൽ ഇവിടെ ആവശ്യപ്പെട്ട പല പദ്ധതികളും പരിഗണിക്കാവുന്നതാണ്. റവന്യൂ വരുമാനം ഉറപ്പുവരുത്താതെ റവന്യൂ ചെലവ് കൂട്ടാൻ സാധിക്കില്ല. പാലക്കാട് ഡാമിലുള്ള മൂന്നുലക്ഷത്തിൽപ്പരം ക്യൂബിക് മീറ്റർ മണൽ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡാമുകളിൽ നിന്നും നീക്കം ചെയ്യുന്ന മണൽ പാവപ്പെട്ടവർക്ക് കലവറ വഴി വിതരണം ചെയ്തശേഷം ബാക്കിയുള്ളത് മാത്രമേ ടെണ്ടർ വഴി വിൽപ്പന നടത്തുകയുള്ളൂ. അടുത്ത അഞ്ച് വർഷങ്ങളിൽ മണൽ വിൽപ്പന കേരളത്തിന്റെ ഒരു പ്രധാന വരുമാന മാർഗ്ഗമാകുന്നതാണ്. ഡാമുകളിലെ മണലിന്റെ ക്വാണ്ടിറ്റിയെക്കുറിച്ച് ആധികാരികമായ പഠനം നടത്തിയിട്ടുണ്ട്. ട്രഷറികളിൽ കൂടുതൽ ഡെപ്പോസിറ്റ് മൊബിലൈസ് ചെയ്യാൻ കഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങളും ബഡ്ജറ്റിലെ പുതിയ നിർദ്ദേശങ്ങളും നടപ്പിലാക്കാൻ സാധിക്കും. അന്യ സംസ്ഥാന ലോട്ടറി ചൂണ്ടിക്കാണിച്ച രജിസ്റ്റർ ചെയ്ത കേസുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് സുപ്രീംകോടതിയുടെ അനുവാദം ആരാഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം 40794 പി.എസ്.സി. നിയമനങ്ങൾ നടത്തി. മൽസ്യത്തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതി നടപ്പിലാക്കി. ഭവനശ്രീ പദ്ധതി പ്രകാരം ഉണ്ടായ 200-ൽ ചില്വാനം കോടി രൂപയുടെ കടബാധ്യത സർക്കാർ ഏറ്റെടുത്തു. കടാശ്വാസത്തിനുള്ള അപേക്ഷകളിന്മേൽ എത്രയുംവേഗം തീർപ്പുകല്പിക്കാൻ കടാശ്വാ

സകമ്മീഷനോട് ആവശ്യപ്പെടുന്നതാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന

XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 31-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.30-ന് പിരിഞ്ഞു.